## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2064 18.07.2016 -ൽ മറുപടിക്ക്**

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെയും താവം റെയിൽവേ മേൽപാലത്തിന്റെയും പണി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) പിലാത്തറ - പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെയും പാപ്പിനിശ്ശേരി, താവം റെയിൽവേ മേൽപ്പാലങ്ങളുടെയും നിർമ്മാണ പുരോഗതി അറിയിക്കുമോ; ഇവയുടെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയും; വിശദാംശം നൽകുമോ? | (എ) ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി - രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പാപ്പിനിശ്ശേരി, താവം എന്നീ റെയിൽവേ മേൽപ്പാലങ്ങളും രാമപുരം പാലം ഉൾപ്പെടെ 20.9 കി.മീറ്റർ ദൈർഘ്യമുള്ള പിലാത്തറ - പാപ്പിനിശ്ശേരി റോഡിന്റെയും നിർമ്മാണ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഈ പ്രവൃത്തിയുടെ 50% മാത്രമാണ് ഇപ്പോൾ പൂർത്തീകരിച്ചിരിക്കുന്നത്. ഇതു വരെയുള്ള നിർമ്മാണ പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.<br>1. <u>19+758 കി.മീയിലുള്ള പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലം</u><br>എല്ലാ പൈലുകളും, പൈൽ ക്യാപ്പുകളും പൂർത്തീകരിച്ചു. ആകെയുള്ള 22 സപ്പോർട്ടുകളിൽ 21 എണ്ണം പൂർത്തീകരിച്ചു. ഗർഡറും സ്ലാബും 22 എണ്ണത്തിൽ 15 എണ്ണവും പൂർത്തീകരിച്ചു. റെയിൽവേയുടെ സ്റ്റീൽ ഗർഡർ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>2. <u>7+420 കി.മീയിലുള്ള താവം റെയിൽവേ മേൽപ്പാലം</u><br>ഡിസൈൻ അനുസരിച്ച് റെയിൽവേ സ്പാൻ ഉൾപ്പെടെ 5 സ്പാനുകളാണ് ഈ മേൽപ്പാലത്തിന് ഉള്ളത്. ഇതിൽ അബട്ട്മെന്റ്/ പിയർ ഇവയുടെ നിർമ്മാണം പൂർത്തിയാക്കി. പുതിയതായി വിഭാവനം ചെയ്ത 6 സ്പാനുകളുടെ പൈലിങ്ങ് പണികൾ പുരോഗമിച്ചു വരുന്നു. |

3. 4+220 കി.മീയിലുള്ള രാമപുരം പാലം

ഈ പാലത്തിന്റെ പൈലിങ്ങും, പൈൽ ക്യാപ്പും പൂർത്തീകരിച്ചു. അബട്ട്മെന്റ് ക്യാപ്പ് നിർമ്മാണം നടന്നു വരുന്നു.

4. റോഡ് നിർമ്മാണം

20.9 കി.മീ ദൈർഘ്യമുള്ള ഈ റോഡിന്റെ 13.07 കി.മീ നീളത്തിൽ GSB യും 12.485 നീളത്തിൽ WMM ഉം 12.04 കി.മീ. നീളത്തിൽ DBM ഉം 9.15 കി.മീ.നീളത്തിൽ BC യും പൂർത്തിയാക്കിയിട്ടുണ്ട്.

പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലം ഡിസംബർ 2016 നും താവം റെയിൽവേ മേൽപ്പാലം ഫെബ്രുവരി 2017 ലുമാണ് നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്. മേൽപ്പാലങ്ങൾ ഉൾപ്പെടെ ഈ റോഡിന്റെ നിർമ്മാണം 2017 മാർച്ച് 31 ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ